നടത്തി വരുന്നുണ്ട്. ഇതോടൊപ്പം ഭൂരഹിതരായവർക്ക് ഭൂമിയുടെ ലഭ്യത അനുസരിച്ച് 1 ഏക്കർ മുതൽ ഭൂമി വിതരണം ചെയ്യുന്നതിനും ഭൂമിയിൽ ഭവന നിർമ്മാണം, ശുദ്ധജല വിതരണം, വൈദ്യുതീകരണം, റോഡുകളുടെയും നടപ്പാതകളുടെയും നിർമ്മാണം തുടങ്ങിയ വികസന പ്രവർത്തനങ്ങളും ഭൂമി കൃഷി ചെയ്ത് സുസ്ഥിര വരുമാനവും ജീവനോപാധിയും ഉണ്ടാക്കുന്നതുവരെ തൊഴിൽലുറപ്പുപദ്ധതിപ്രകാരം ഉള്ള പദ്ധതിയും ആവിഷ്കരിച്ചു നടപ്പാക്കിവരുന്നു. ഇത്തരത്തിൽ വിതരണം ചെയ്യുന്ന ഭൂമി കൈമാറുന്നത് ,നിയമം മൂലം വിലക്കിയിട്ടുണ്ട്. ഇനിയും ഭൂമി അന്യാധീനപ്പെടുന്നത് കർശനമായി തടയുന്നതിന് ആദിവാസികൾക്ക് മാത്രം പങ്കാളിത്തമുള്ള ഊരുകൂട്ടങ്ങൾ നിയമാനുസൃതമായി രൂപീകരിച്ച് ആദിവാസി മേഖലയിൽ കുടുംബശ്രീ മാതൃകയിൽ സ്വയംസഹായ സംഘങ്ങൾ രൂപീകരിച്ച് കടക്കെണിയിൽ നിന്ന് രക്ഷിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളെ ഉദ്ദേശിച്ച് പ്രത്യേകമായി മേന്മയേറിയ വിദ്യാഭ്യാസം പിന്നോക്കക്കാരിൽ എത്തിക്കുന്നതിനും ഈ പദ്ധതിയുടെ ഭാഗമായി വിപുലമായ ബോധവൽക്കരണവും സാമൂഹ്യ പ്രവർത്തകരുടെ ഇടപെടലും ഉണ്ടാക്കി അന്യാധീനപ്പെടൽ പൂർണ്ണമായും തടയാൻ ഉദ്ദേശിക്കുന്നു.

വിശദീകരണക്കുറിപ്പ്

കേരളത്തിലെ ആദിവാസികൾ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുന്നതിന് കിർത്താഡ്സ് എന്ന സ്ഥാപനം രൂപീകരിച്ചു. ആദിവാസികൾക്ക് നേരിടേണ്ടിവരുന്ന നിരവധി പ്രശ്നങ്ങളെക്കുറിച്ച് ഈ സ്ഥാപനം പഠനം നടത്തുകയും അവയ്ക്കുള്ള പരിഹാരങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുന്നുണ്ട്. ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി കണ്ടെത്തി അവരെ പുനരധിവസിപ്പിക്കുന്നതിനായി ആദിവാസി പുനരധിവാസ മിഷൻ (റ്റി.ആർ.ഡി.എം.) രൂപീകരിച്ചിട്ടുണ്ട്.

ആദിവാസികൾക്കായി വിഭാവനം ചെയ്യുന്ന പദ്ധതികളുടെ പ്രയോജനം അവർക്ക് പൂർണ്ണമായും ലഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പട്ടികവർഗ്ഗക്കാരുടെ തന്നെ ഊരു കൂട്ടങ്ങൾ ഇതിനുവേണ്ടി രൂപീകരിച്ചിട്ടുണ്ട്.

2003-2004 വർഷം പട്ടികവർഗ്ഗ ഉപപദ്ധതി ഫണ്ടിന്റെ 50% തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. അതിനാൽ പട്ടിക വിഭാഗത്തിൽപ്പെടുന്നവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് തദ്ദേശ ഭരണ തലത്തിലും നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും നിരവധി ക്ഷേമ-വികസന പരിപാടികൾ ആവിഷ്ക്കരിച്ചു നടപ്പാക്കിവരുന്നുണ്ട്.

കാലപ്പഴക്കം ചെന്ന ഡാമുകളുടെ സുരക്ഷയെ
സംബന്ധിച്ച പഠനം

11 [*564] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:
ശ്രീ. പി. ജയരാജൻ:
,, സാജു പോൾ:
,, മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാലപ്പഴക്കം ചെന്ന ഡാമുകളുടെ സുരക്ഷയെ സംബന്ധിച്ച് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മുല്ലപ്പെരിയാർ ഡാമിന്റെ ഉയരം കൂട്ടുവാനുള്ള തമിഴ്നാട് സർക്കാരിന്റെ നിർദ്ദേശം ഈ ഡാമിന്റെ സുരക്ഷയെ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച നിലപാട് വ്യക്തമാക്കുമോ;

(സി) ഡാമുകളുടെ സുരക്ഷിതത്വം ഉറപ്പുവരുത്താൻ നിയമനിർമ്മാണം നടത്താൻ സംസ്ഥാന സർക്കാരിനധികാരമുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) നിയമനിർമ്മാണം എന്നത്തേക്ക് നടത്തുമെന്ന് വ്യക്തമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ, ബി) ഉണ്ട്. മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ട്. നൂറു വർഷത്തിലധികം പഴക്കമുള്ള മുല്ലപ്പെരിയാർ ഡാമിന്റെ ജല സംഭരണിയിലെ ജലവിതാനം 136 അടിയിൽ കൂടുതൽ ഉയർത്തിയാലുണ്ടാകാവുന്ന ഭവിഷ്യത്തുകളെക്കുറിച്ച് വിശദമായി പഠിച്ച് വിലയിരുത്തുവാൻ 1996-97-ൽ കേരള ഗവൺമെന്റ് നിയോഗിച്ച രണ്ടംഗ സാങ്കേതിക വിദഗ്ദ്ധ കമ്മിറ്റി, സർക്കാരിനു സമർപ്പിച്ച മൂന്ന് റിപ്പോർട്ടുകളിലും മുല്ലപ്പെരിയാർ ഡാമിന്റെ ദോഷരഹിതമായ ആയുസ് മുഴുവൻ പിന്നിട്ടു കഴിഞ്ഞാലും ടി ഡാമിൽ നടത്തിയിട്ടുള്ള ബലപ്പെടുത്തൽ പണികൾ അപര്യാപ്തമാണെന്നും ഡാമിന്റെ സുരക്ഷിതത്വം കണക്കിലെടുത്ത് ജലനിരപ്പ് +136 അടിയിലോ അതിനു താഴെയോ നിറുത്തേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. 13-6-1998-ൽ തിരുവനന്തപുരത്തു നടന്ന സംസ്ഥാനാന്തര മന്ത്രിതല ചർച്ചയിൽ എടുത്ത തീരുമാനപ്രകാരം മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സുരക്ഷിതത്വം സംബന്ധിച്ച സാങ്കേതിക വശങ്ങൾ പഠിക്കുവാൻ കേരള-തമിഴ്നാട് സർക്കാരുകൾ പ്രത്യേകം പ്രത്യേകം രൂപവൽക്കരിച്ച സാങ്കേതിക വിദഗ്ദ്ധ കമ്മിറ്റികൾ തയ്യാറാക്കിയ റിപ്പോർട്ടുകൾ 1999-ഡിസംബറിൽ ഇരു സംസ്ഥാനങ്ങളും പരസ്പരം കൈമാറുകയുണ്ടായി. കേരളത്തിലെ സാങ്കേതിക വിദഗ്ദ്ധ കമ്മിറ്റി റിപ്പോർട്ടിൽ മുല്ലപ്പെരിയാർ ജലസംഭരണിയിലെ ജലനിരപ്പ് +136 അടിയ്ക്ക് മുകളിൽ ഉയർത്തുന്നത് ഡാമിന് സുരക്ഷിതമല്ലെന്നാണ് അഭിപ്രായപ്പെട്ടിരുന്നത്.

കേരളത്തിലുണ്ടായ ഭൂചലനങ്ങൾ മുല്ലപ്പെരിയാർ അണക്കെട്ടിനെ എങ്ങിനെ ബാധിക്കുമെന്ന് പഠിക്കുന്നതിനായി ഭൗമശാസ്ത്രപഠന കേന്ദ്രം (സെസ്സ്) ഡയറക്ടർ ഡോ. ബാബു അദ്ധ്യക്ഷനായി സർക്കാർ നിയോഗിച്ച വിദഗ്ദ്ധ സമിതിയുടെ പഠന റിപ്പോർട്ടിലും ഡാമിന്റെ നില സുരക്ഷിതമല്ലെന്ന അഭിപ്രായമാണുള്ളത്.

മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സുരക്ഷയെക്കുറിച്ച് പഠനം നടത്താൻ കേന്ദ്ര ജല വിഭവ മന്ത്രാലയം നിയോഗിച്ച വിദഗ്ദ്ധ സമിതി സുപ്രീം കോടതിയിൽ സമർപ്പിച്ച അന്തിമ റിപ്പോർട്ടിൻമേൽ കേരള സർക്കാർ ഫയൽ ചെയ്ത അഡീഷണൽ സത്യവാങ്മൂലത്തിലും ഇതേ അഭിപ്രായമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മുല്ലപ്പെരിയാർ ഡാമിന്റെ പരമാവധി ജലനിരപ്പുശേഷി നിലവിലുള്ള +136 അടിയിൽ നിന്ന് ഉയർത്തുവാനുള്ള യാതൊരു നടപടികളും ഉണ്ടാകരുതെന്ന് കേരള നിയമസഭ 2001 ഡിസംബർ 7-ാം തീയതി അംഗീകരിച്ച ഉപക്ഷേപത്തിലൂടെ കേന്ദ്ര സംസ്ഥാന സർക്കാരുകളോട് ഏകകണ്ഠമായി അഭ്യർത്ഥിച്ചിട്ടുണ്ട്. മുല്ലപ്പെരിയാർ ഡാമിന്റെ

LIBRARY ARCHIVES Kerala Legislative Assembly

സുരക്ഷയും ഡാമിന്റെ താഴ്ന്ന ഭാഗങ്ങളിലുള്ള ജനങ്ങളുടെ രക്ഷയും ഉറപ്പാക്കുന്നതിന് ഡാം ബലപ്പെടുത്തൽ നടപടികൾ പൂർത്തീകരിച്ചാലും അണക്കെട്ടിലെ ജലനിരപ്പ് +136 അടിയിൽ നിന്ന് ഉയർത്തേണ്ടതില്ലെന്നാണ് കേരള സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്.

(സി) ഉണ്ട്.

(ഡി) ഇപ്പോൾ നടന്നുവരുന്ന നിയമസഭാ സമ്മേളനത്തിൽ അവതരിപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

വൈദ്യുതി ബോർഡിന്റെ മാനേജ്മെന്റ്, ഓർഗനൈസേഷൻ മുതലായവയെപ്പറ്റി പഠനം

12 [*565] ശ്രീ. എം. എ. ചന്ദ്രശേഖരൻ:
„ എ. സുജനപാൽ:
„ എ. പി. അനിൽ കുമാർ:
„ എം. പി. ഗംഗാധരൻ:

പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൈദ്യുതി ബോർഡിന്റെ പ്രവർത്തനത്തെപ്പറ്റിയും അതിന്റെ മാനേജ്മെന്റ്, ഓർഗനൈസേഷൻ മുതലായവയെപ്പറ്റിയും എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ എന്നാണെന്ന് വെളിപ്പെടുത്തുമോ;

(ബി) വൈദ്യുതി ബോർഡിന്റെ പ്രസ്തുത അവസ്ഥയെപ്പറ്റി ഇത്തരത്തിലുള്ള ഒരു പഠനം നടത്തുന്നത് ആവശ്യമാണെന്ന് കരുതുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ;

(ഡി) ബോർഡിന്റെ ചെലവ് കുറയ്ക്കാനും എഫിഷ്യൻസി വർദ്ധിപ്പിക്കുവാനും ഇത് സഹായിക്കുമെന്ന് കരുതുന്നുണ്ടോ;

(ഇ) ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ):

(എ) ഉണ്ട്.

1. 1997-ൽ കനേഡിയൻ ഇന്റർനാഷണൽ ഡെവലപ്പ്മെന്റ് ഏജൻസി.
2. 2001-ൽ അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫ് കോളേജ് ഓഫ് ഇന്ത്യ, ഹൈദരാബാദ്.
3. 2002-ൽ എ.ഡി.ബി.-യുടെ കൺസൾട്ടന്റ് ആയ ക്രിസിൽ നെക്സന്റ്.

(ബി) കരുതുന്നുണ്ട്.

(സി) ബാധകമല്ല.

(ഡി) കരുതുന്നുണ്ട്.

(ഇ) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly